# കേരള കാർഷിക സർവകലാശാല

## നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം

## കട്ടച്ചൽക്കുഴി, ബാലരാമപുരം

നമ്പർ ബി : 349/2013 തീയതി : 18.04.2023

**പുനർ ക്വട്ടേഷൻ/പുനർ ലേലപ്പരസ്യം**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിൽ അതിശക്തമായ കാറ്റിലും മഴയിലും കടപുഴകി വീണതും ഫയർഫോഴ്സ് ഉദ്യോഗസ്ഥർ വന്ന മുറിച്ച ഈ സ്റ്റേഷനിലെ എ ബ്ലോക്കിലെ ഏകദേശം 75 ക്യൂബിക് ഫീറ്റുള്ള രണ്ട് ആഞ്ഞിലി മരങ്ങളുടെ തടി (No. 173 & 174) 11.05.2023-ന് പകൽ 11.30 മണിക്ക് ക്വട്ടേഷൻ മുഖേനയും പരസ്യമായും ലേലം ചെയ്തു വിൽക്കുന്നതാണ്.

ആഞ്ഞിലി മരങ്ങളുടെ തടികൾ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ മുഖേന വാങ്ങുവാൻ താത്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില രേഖപ്പെടുത്തി കവറിലാക്കി സീൽ ചെയ്ത ക്വട്ടേഷൻ 'ആഞ്ഞിലി മരങ്ങളുടെ മുറിച്ചിട്ട തടികളുടെ (ഏകദേശം 75 ക്യൂബിക് ഫീറ്റ്) പുനർ ക്വട്ടേഷൻ' എന്ന മേലെഴുത്തോടുകൂടി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം - 695501 എന്ന വിലാസത്തിൽ 11.05.2023-ന് രാവിലെ 11 മണിയ്ക്ക് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം രാവിലെ 11.30-ന് ടി തടികളുടെ പരസ്യ ലേലവും ഉണ്ടായിരിക്കുന്നതാണ്.

ലേലത്തിനുശേഷം മരങ്ങളുടെ തടിക്ക് വേണ്ടി ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ തുറക്കുന്നതും, ക്വട്ടേഷനിലും പരസ്യലേലത്തിലും ലഭ്യമായ കൂടിയ തുക, സർക്കാർ/സർവ്വകലാശാല. മാനദണ്ഡങ്ങൾക്കും, തടികളുടെ വില്പ്പനയ്ക്കായി രൂപീകരിക്കുന്ന സർവ്വകലാശാല ഉദ്യോഗസ്ഥർ ഉൾപ്പെട്ട കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും. ടി തടികൾക്ക് സർവകലാശാല ഉദ്ദേശിച്ച വില ലഭ്യമായില്ലെങ്കിൽ ക്വട്ടേഷൻ/പരസ്യലേലം റദ്ദുചെയ്യുന്നതിനും പുനർ ക്വട്ടേഷൻ/ പുനർലേലം നടത്തുന്നതിന് തീരുമാനിക്കുന്നതിനും ടി കമ്മറ്റിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷനിലും, പരസ്യലേലത്തിലും പ്രത്യേകമായോ, രണ്ടിലും കൂടിയോ പങ്കെടുക്കുവാൻ താത്പര്യപ്പെട്ടുവരുന്നവർക്ക് അർഹതയുണ്ടായിരിക്കും. വില്പനയ്ക്ക് വച്ചിരിക്കുന്ന മുഴുവൻ തടികൾക്കും ഒന്നിച്ച് ലേലം വിളിക്കാനും, ക്വട്ടേഷൻ സമർപ്പിക്കുവാനും മാത്രമേ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. ക്വട്ടേഷനിൽ/പരസ്യലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 1000/- രൂപ (ആയിരം രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്.

ക്വട്ടേഷൻ/പരസ്യലേലം ഉറപ്പിക്കുന്ന പക്ഷം മരങ്ങളുടെ/തടികളുടെ ആകെ വിലയുടെ (ലേലം ഉറപ്പിച്ച തുക) മൂന്നിലൊന്നു തുക (നിരതദ്രവ്യം ഉൾപ്പെടെ) ഉടൻ തന്നെ ഈ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക 10 ദിവസത്തിനകം ഈ ഓഫീസിൽ ഒടുക്കി രസീതു കൈപ്പറ്റേണ്ടതും ഈ സ്റ്റേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ മാത്രം ലേല

*(തുടർച്ച.......2)*

വസ്തുക്കൾ ഈ സ്റ്റേഷനിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ/ലേല തുകയോടൊപ്പം നിയമാനുസൃതമുള്ള 5% വനവികസന നികുതിയും, വനവികസന നികുതിയുടേയും, വിൽപ്പന വിലയുടേയും 18% ജി.എസ്.ടി.യും മറ്റ് നിയമാനുസൃത നികുതികളും കൃത്യമായി ഒടുക്കുവാൻ ലേലം/ക്വട്ടേഷൻ കൊണ്ടയാൾ ബാദ്ധ്യസ്ഥനായിരിക്കും.

ലേലവസ്തുക്കൾ സ്വന്തം ചെലവിൽ മുറിച്ചു കൊണ്ടുപോകേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും. ലേല വസ്തുക്കൾ ഈ സ്റ്റേഷനിൽ നിന്നും പുറത്തു കൊണ്ടുപോകുമ്പോൾ ഈ സ്റ്റേഷനിലെ സ്ഥാവര ജംഗമവസ്തുക്കൾക്കോ, മരങ്ങൾക്കോ, കൃഷിക്കോ, പൊതുജനങ്ങൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ ഉത്തരവാദിത്തമായിരിക്കുന്നതും അങ്ങനെ എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന്റെ നഷ്ടപരിഹാരം ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതു മായിരിക്കും.

ക്വട്ടേഷൻ/പരസ്യലേലം റദ്ദ ചെയ്യുന്നതിനും, മാറ്റി വയ്ക്കുന്നതിനും, സ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ/ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക്/പരസ്യലേലങ്ങൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും/പരസ്യലേലത്തിനും ബാധകമായിരിക്കും.

ലേലത്തിനുള്ള മരങ്ങളുടെ തടികൾ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471- 2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
പ്രൊഫസർ ആന്റ് ഹെഡ്

<u>പകർപ്പ്:</u>

1. കെ.എ.യു. വെബ്സൈറ്റ്
2. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്. (ദക്ഷിണമേഖല), കാഷിക കോളേജ്, വെള്ളായണി
3. അസിസ്റ്റന്റ് പ്രൊഫസർ & ഫാം ഇൻ - ചാർജ്ജ്
4. ഫാം മാനേജർ ഗ്രേഡ്-I
5. വെങ്ങാനൂർ/കോട്ടുകാൽ/ബാലരാമപുരം/കല്ലിയൂർ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
6. കോട്ടുകാൽ/കല്ലിയൂർ/വെങ്ങാനൂർ/ബാലരാമപുരം പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
7. സ്റ്റേഷൻ പരിസരത്തുള്ള എല്ലാ തടിമില്ലുകളിലേയ്ക്കും
8. കരുതൽ ശേഖരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
ADMINISTRATIVE ASSISTANT
COCONUT RESEARCH STATION
KERALA AGRICULTURAL UNIVERSITY
KATTACHALKUZHI P.O. BALARAMAPURAM
THIRUVANANTHAPURAM - 695 501